**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 503** **08-11-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ വികസന പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വ്യവസായ വകുപ്പ് ജില്ലകൾ തോറും സംഘടിപ്പിച്ച മീറ്റ് ദി മിനിസ്റ്റർ പരിപാടിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഇതുവരെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ മീറ്റ് ദി മിനിസ്റ്റർ പരിപാടി സംഘടിപ്പിച്ച് കഴിഞ്ഞു. ഈ പരിപാടിയിലൂടെ ആകെ 1309 പരാതികളാണ് 10 ജില്ലകളിലായി ലഭിച്ചത്. ഇതിൽ പരിപാടിയിൽ നേരിട്ട് ആകെ 338 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ പരിപാടിയുടെ തുടർ പ്രവർത്തനം എന്ന നിലയിൽ പല ജില്ലകളിലും വീണ്ടും വിവിധ വകുപ്പുകളിലെ ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് യോഗങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്. നിലവിൽ ഇതുവരെ ടി പരിപാടിയിലൂടെ ലഭിച്ച 825 പരാതികൾ (63.03%) തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിലും മറ്റു വകുപ്പുകളുടെ തലത്തിലും നയപരമായ തീരുമാനങ്ങൾ വേണ്ട പരാതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചു വരുന്നുണ്ട്. മീറ്റ് ദി മിനിസ്റ്റർ പരിപാടിയുമായി ബന്ധപ്പെട്ട് 16/09/2021-ൽ വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിലും തുടർന്ന് 29/10/21-ന് വ്യവസായ വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അവലോകന യോഗം ചേർന്ന് ഇതുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി വിലയിരുത്തുകയുണ്ടായി. പുരോഗതി യുടെ തൽസ്ഥിതി വിലയിരുത്തുന്ന തിനായി ഒരു ഡാഷ്ബോർഡ് രൂപകൽപ്പന ചെയ്തിട്ടുണ്ട്. |
| (ബി) | കാക്കനാട് കിൻഫ്ര പാർക്കിൽ ടാറ്റാ കൺസൾട്ടൻസി സർവീസസിന്റെ ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. വ്യവസായ വകുപ്പിന്റെ മേജർ പൊതുമേഖല സ്ഥാപനമായ കിൻഫ്രയുടെ, എറണാകുളം കാക്കനാട്ടുള്ള ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്ററിൽ റ്റാറ്റ കൺസൾട്ടൻസി സർവീസസിന്റെ ഇന്നവേഷൻ പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രയും |

| | | | |
|---|---|---|---|
| | | | റ്റാറ്റ കൺസൾട്ടൻസി സർവീസസും ചേർന്ന് 17/09/2021-ൽ ധാരണ പത്രം ഒപ്പുവെച്ചിട്ടുണ്ട്. 36 ഏക്കർ ഭൂമിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇലക്ട്രോണിക് ഹാർഡ്.വെയറും ഐ.ടി/ഐ.ടി അധിഷ്ഠിത വ്യവസായങ്ങളുമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി പൂർണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 690 കോടി രൂപയുടെ നിക്ഷേപവും 10,000 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഇന്നവേഷൻ പാർക്കിന്റെ ആദ്യഘട്ടം എന്നത്തേക്ക് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | 2023-24 സാമ്പത്തിക വർഷത്തിൽ പ്രവർത്തനം ആരംഭിക്കുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ഡി) | സംസ്ഥാനത്ത് വലിയ തോതിലുള്ള വ്യവസായ നിക്ഷേപം ഉറപ്പ് വരുത്തുന്നതിനായി കഴക്കൂട്ടം കിൻഫ്ര പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ പ്രമുഖ ഡിസൈൻ ടെക്നോളജി സേവന ദാതാക്കളായ ടാറ്റാ എലക്സിയുടെ സംരംഭത്തിനായി ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. പ്രമുഖ ഡിസൈൻ ടെക്നോളജി സേവന ദാതാക്കളായ ടാറ്റാ എലക്സി കിൻഫ്രയുമായി 30/06/2021-ൽ ധാരണ പത്രം ഒപ്പുവെച്ചു. ടാറ്റ എലക്സി തങ്ങളുടെ ഐ.ടി ബിസിനസ്സും ഗവേഷണ വികസന സൗകര്യങ്ങളും വികസിപ്പിക്കുന്നതിനായി കഴക്കൂട്ടം കിൻഫ്ര ഫിലിം & വീഡിയോ പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയിൽ പുതുതായി പണി കഴിപ്പിച്ച ഐ.ടി ബിൽഡിങ്ങിൽ പ്രവർത്തനം ആരംഭിക്കുകയാണ്. 67 കോടി രൂപ ചെലവിൽ 2.17 ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള 9 നിലകളുള്ള ഒരു കെട്ടിട സമുച്ചയമാണ് കിൻഫ്ര ഇവിടെ നിർമ്മിച്ചിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ കിൻഫ്രയുടെ പുതിയ ഐ.ടി കെട്ടിടത്തിൽ ടാറ്റ എലക്സി 75 കോടി രൂപ നിക്ഷേപമുള്ള പദ്ധതിയാണ് സ്ഥാപിക്കുന്നത്. ഇതുവഴി അടുത്ത 3 വർഷത്തിനുള്ളിൽ 2500 പേർക്ക് നേരിട്ടും 1500 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ